പതിന്നാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 2963

18/06/2018 ൽ മറുപടിക്ക്

# സർവ്വേയർ ഗ്രേഡ് 2 നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കൃഷ്ണൻകുട്ടി | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സർവ്വേയർ ഗ്രേഡ് 2 തസ്തികയിൽ സംസ്ഥാനത്താകെ എത്ര ഒഴിവുകളുണ്ടെന്നും അവയിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എത്രയെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) സർവ്വേയർ ഗ്രേഡ് 2 തസ്തികയിൽ സംസ്ഥാനത്താകെ 147 ഒഴിവുകളുണ്ട്. ആയതിൽ 135 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി ഒഴിവുകൾ സംസ്ഥാനാടിസ്ഥാനത്തിലാണ് കണക്കാക്കുന്നത്. |
| (ബി) ഇതിലേയ്ക്ക് നിലവിൽ റാങ്ക് ലിസ്റ്റ് ഉണ്ടോ; സർവ്വേയർമാരുടെ ഒഴിവ് നികത്താത്തത് ലാൻഡ് സർവ്വേ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (ബി) നിലവിൽ സർവ്വെയർ ഗ്രേഡ് 2 തസ്തികയിൽ പി.എസ്.സി റാങ്ക് ലിസ്റ്റ് ഉണ്ട്. സർവ്വെയർമാരുടെ ഒഴിവ് നികത്താത്തത് ലാൻഡ് സർവ്വേ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുള്ളതായി കാണുന്നു. |
| (സി) ഓരോ വില്ലേജിലും സർവ്വേയർമാരെ നിയമിക്കുന്നതിലൂടെ സർവ്വേ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും ഏകോപിപ്പിക്കാനും കഴിയും എന്ന് കരുതുന്നുണ്ടോ; ഇത് സംബന്ധിച്ച് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (സി) സംസ്ഥാനത്ത് റീസർവ്വെ പൂർത്തിയാകുന്ന മുറയ്ക്ക്, ഭൂപരിപാലനം സുഗമവും കാര്യക്ഷമവുമാക്കുന്നതിന് വില്ലേജ് തലത്തിൽ സർവ്വെ ജീവനക്കാരെ നിയമിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ